ഭരണഭാഷ – മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ : എ. മുരളീധരൻ)

നം. 225/2017/ഇ8/ഡിപി

തിരുവനന്തപുരം
തീയതി: 21/08/2019

വിഷയം:– അച്ചടി വകുപ്പ് – ജീവനക്കാര്യം – മിനിസ്റ്റീരിയൽ വിഭാഗം – ജില്ലാ ഫോറം ഓഫീസർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ തസ്തികമാറ്റം വഴിയുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം – നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:–
1. കേരള സർക്കാരിന്റെ 06.07.2019 ലെ 1498–ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള സെലക്ട് ലിസ്റ്റ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 20/08/2019 ലെ 223/2017/ഇ8/ഡിപി നമ്പർ നടപടിക്രമം.
3. കോട്ടയം ജില്ലാ ഫോറം ഓഫീസർ ശ്രീ. കെ.സി. ബെന്നിയുടെ 06/07/2019 ലെ സ്ഥലംമാറ്റ അപേക്ഷ.
4. മലപ്പുറം ജില്ലാ ഫോറം ഓഫീസർ ശ്രീ. എസ്. ബൈജുവിന്റെ 22/07/2019 ലെ സ്ഥലംമാറ്റ അപേക്ഷ.
5. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ജൂനിയർ സൂപ്രണ്ട് ശ്രീമതി ഷാജിദ. ആർ. എസ് ന്റെ 16/08/2019 ലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പ് തൃശ്ശൂർ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീ. എസ്. മുരളീധരന് പരാമർശം (2) പ്രകാരം എറണാകുളം ഗവൺമെന്റ് പ്രസ്സിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥൻ ജില്ലാ ഫോറം ഓഫീസർ തസ്തിക യിൽ നിന്നും 20/08/2019 അപരാഹ്നത്തിൽ വിടുതൽ ചെയ്തതിനാൽ, തൃശ്ശൂർ ജില്ലാ ഫോറം സ്റ്റോറിൽ ഒരു ജില്ലാ ഫോറം ഓഫീസറുടെ ഒഴിവ് നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേക്ക് പരാമർശം (1) പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ അടുത്ത സീനിയറായ ഉദ്യോഗസ്ഥയ്ക്ക് തസ്തികമാറ്റം നിയമനരീതി മുഖേന നിയമനം നൽകിയും, ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും വേണ്ടി പരാമർശം (3) മുതൽ (5) വരെ യുള്ള സ്ഥലംമാറ്റം അപേക്ഷകൾ പരിഗണിച്ചും, മറ്റ് ഉദ്യോഗസ്ഥരുടെ അപേക്ഷകൾ തുടർന്നു വരുന്ന ഒഴിവു കളിലേക്ക് പരിഗണിക്കാവുന്നതാണെന്ന വ്യവസ്ഥയിൻമേൽ അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജില്ലാ ഫോറം ഓഫീസർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താഴെ പറയും പ്രകാരമുള്ള സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്/തസ്തിക/കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം/ കാര്യാലയം/തസ്തിക/ ശമ്പള സ്കെയിൽ | ഒഴിവിന്റെ വിവരം | സ്ഥലമാറ്റത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | **ശ്രീ. ബെന്നി. കെ.സി**<br>ജില്ലാ ഫാറം ഓഫീസർ,<br>ജില്ലാ ഫാറം സ്റ്റോർ,<br>കോട്ടയം, വാഴൂർ. | സ്ഥലംമാറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>ജില്ലാ ഫോറം സ്റ്റോർ,<br>തൃശ്ശൂർ | ശ്രീ. എസ്. മുരളീ ധരന് അഡ്മിനി സ്ട്രേറ്റീവ് അസി സ്റ്റന്റായി സ്ഥാന ക്കയറ്റം നൽകിയ ഒഴിവിൽ | ഓപ്ഷൻ |
| 2. | **ശ്രീമതി ഷാജിദ. ആർ. എസ്**<br>ജൂനിയർ സൂപ്രണ്ട്<br>(ഭരണ വിഭാഗം),<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | തസ്തികമാറ്റം<br>ജില്ലാ ഫോറം ഓഫീസർ<br>ജില്ലാ ഫോറം സ്റ്റോർ,<br>കോട്ടയം, വാഴൂർ<br>(36600 – 79200 രൂപ) | ശ്രീ. ബെന്നി. കെ.സി ക്ക് സ്ഥലം മാറ്റം നൽകിയ ഒഴി വിൽ | ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും വേണ്ടി |

സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർ നിയമിക്കപ്പെട്ട കാര്യാലയങ്ങളിൽ ഉടനടി ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ടി ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചവർക്ക് ചേരുംകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ഒരു വർഷം സേവനം പൂർത്തിയാക്കിയിട്ടുള്ളപക്ഷം യാത്രാബത്തയ്ക്കുള്ള അർഹത നിയമാനുസൃതമായിരിക്കും.

ഒപ്പ്/-
**അച്ചടി വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട വ്യക്തിക്ക്
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തൃശ്ശൂർ.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, പൊൻകുന്നം, കോട്ടയം.
ജില്ലാ ഫോറം ഓഫീസർ, ജില്ലാ ഫോറം സ്റ്റോർ, കോട്ടയം/തൃശ്ശൂർ.
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസർ/സീനിയർ സൂപ്രണ്ട്/
ഓഫീസ് മാനേജർ/ജൂനിയർ സൂപ്രണ്ട് ഇ/ ഇII/ എ I/ഹെഡ് ക്ലാർക്ക്, ജിസിപി/
വെബ്സൈറ്റ്/ഇ2 സീറ്റ്/ജിസിപി ഇ2 സീറ്റ്/എ4 സീറ്റ്/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ. 20/08/2019